# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: T8215 17.07.2014-ലെ മറുപടിക്ക്**

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ.കെ. ലതിക** | | **ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** | |
| (എ) | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന എത്ര ടാക്സി-ഓട്ടോറിക്ഷ തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന 1,27,667 ടാക്സി തൊഴിലാളികളും 3,02,615 ഓട്ടോറിക്ഷാ തൊഴിലാളികളും നിലവിൽ ഉണ്ട്. |
| (ബി) | പ്രസ്തുത ക്ഷേമനിധിയിൽ ഉടമ വിഹിതം അടയ്ക്കുന്ന എത്ര ടാക്സി - ഓട്ടോറിക്ഷ ഉടമകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉടമാവിഹിതം അടയ്ക്കുന്ന 1,72,992 ടാക്സി ഉടമകളും 4,69,171 ഓട്ടോറിക്ഷ ഉടമകളും നിലവിലുണ്ട്. |
| (സി) | 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി - ഓട്ടോ മേഖലയിൽ നിന്നുമായി പ്രസ്തുത ക്ഷേമനിധിയിൽ എത്ര തുക വീതം തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ചെന്ന് വ്യക്തമാക്കുമോ ? | (സി) | 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി ഓട്ടോ മേഖലയിൽ നിന്നും തൊഴിലാളി വിഹിതമായും തൊഴിലുടമാ വിഹിതമായും ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**ടാക്സി**<br>തൊഴിലാളി വിഹിതം - 41,14,260/- രൂപ<br>തൊഴിലുടമാവിഹിതം - 9,97,53,657/- രൂപ<br>**ഓട്ടോറിക്ഷ**<br>തൊഴിലാളി വിഹിതം- 4,60,80,020/- രൂപ<br>തൊഴിലുടമാവിഹിതം -13,94,18,642/- രൂപ |

സെക്ഷൻ ഓഫീസർ